**SET- A**

# കണ്ണൂർ ജില്ലാ പഞ്ചായത്ത്
# ഡയറ്റ് കണ്ണൂർ – സമഗ്രശിക്ഷ കേരളം കണ്ണൂർ
# സമഗ്രവിദ്യാഭ്യാസ പദ്ധതി
# എസ്എസ്എൽസി മാതൃകാ പരീക്ഷ 2023
# മലയാളം

സമയം: $1\frac{1}{2}$ മണിക്കൂർ **FIRST LANGUAGE- PAPER I** ആകെ സ്കോർ: 40

---

***നിർദേശങ്ങൾ***

- **ആദ്യത്തെ പതിനഞ്ച് മിനുട്ട് സമാശ്വാസ സമയമാണ് . ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തര ങ്ങൾ ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ് .**
- **ചോദ്യങ്ങളും നിർദ്ദേശങ്ങളും വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.**
- **ഉത്തരമെഴുതുമ്പോൾ സ്കോർ ,സമയം എന്നിവ പരിഗണിക്കണം.**

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

**(4x1=4)**

1. ‘കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ’
– ഈ വരികളിലെ ആശയമായി പറയാവുന്നത്?
   - കവികൾ ഭാഷാജ്ഞാനമുള്ളവരാണ്.
   - കവികളുടെ ഭാഷ ലളിതമാണ്
   - കവികൾ മാനവികതയുടെ ഭാഷ സംസാരിക്കുന്നു.
   - കവികൾക്ക് മറ്റു ഭാഷകൾ ഉൾക്കൊള്ളാനാകില്ല.

2. ഞാനൊരാശ്രിതയാവാനാഗ്രഹിക്കുന്നില്ല.
മറ്റൊന്നുമില്ലെങ്കിലും ഞാൻ ഞാനായി മരിക്കട്ടെ.
ഒരു ബന്ധങ്ങളും വേണ്ടാ’
– ഈ സന്ദർഭത്തിൽ തെളിയുന്ന മാഡം തലത്തിന്റെ മനോഭാവമെന്ത്?
   - കുറ്റബോധം
   - അഭിമാനബോധം
   - അഹങ്കാരം
   - ആത്മനിന്ദ

3. ‘അറികയില്ലെങ്കിലും അഭിമുഖന്മാരെക്കണ്ടെൻ
<u>മനതാരി</u>ലുണ്ടൊന്നുന്മിഷിതം ഝടിതി’

–'മനതാര്' എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

• മനത്തിന്റെ താര്

• മനമാകുന്ന താര്

• മനത്താലുള്ള താര്

• മനവും താരും

4. 'എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും'

– ഇവിടെ സൂചിതമാകുന്നതെന്ത്?

• പഠിക്കാനുള്ള മോഹം

• ജോലിയിലുള്ള മിടുക്ക്

• കടലാസ് പെറുക്കാനുള്ള താൽപര്യം

• ചിത്രം വരയാനുള്ള ആഗ്രഹം

5. 'മൈക്കലാഞ്ജലോ മാപ്പ്' എന്ന കവിതയിൽ 'പിയത്ത' എന്ന ശില്പത്തിനു നൽകുന്ന വിശേഷണമേത്?

• ദു:ഖത്തിന്റെ സൂര്യശില

• പാഴ്ച്ചിപ്പി

• കരുണതൻ ഭാവഗാനം

• അഴലിൻ ചുമട്

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2x2=4)**

6. 'ധന്യയായ് സപദി കാൺകമൂലമ-

ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും'–

–ഇവിടെ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥയെന്ത് ? വ്യക്തമാക്കുക.

7. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി എഴുതുക.

ഞാൻ ഉപരിപഠനത്തിനായി ചപൾഗാവിൽ പോയതോടെ സന്താമായിക്ക് വല്ലാത്ത ഏകാന്തത തോന്നി.

8. 'അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ. അതിനെ, അവനെ, എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക......' (യുദ്ധത്തിന്റെ പരിണാമം)

–ഈ നിരീക്ഷണത്തിൽ നിന്ന് വ്യക്തമാവുന്ന രണ്ട് സൂചനകൾ എഴുതുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക(അരപ്പുറം)**

**(5x4=20)**

9. ''കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം.''അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞു മുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി.

–വെള്ളായിയപ്പന് കണ്ണൂരിലേക്കുള്ള യാത്ര ശ്വാസം മുട്ടിക്കുന്ന അനുഭവമാകുന്നത് എങ്ങനെയെല്ലാമാണ്? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർത്ഥിക്കുക.

10. ‘ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ

പച്ചമണ്ണിൻ മനുഷ്യത്വമാണ് ഞാൻ!’ **- വയലാർ**

‘എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചു കാണിച്ചു മനസ്സിളക്കിത്തീർക്കാനും ഒരിക്കൽ എനിക്കു സാധിച്ചിട്ടുണ്ട് എന്നു ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു’.

**–എസ്.കെ.പൊറ്റക്കാട്**

– സർഗ്ഗശക്തിയെക്കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കുക.

11. ‘ഗോത്രാദിയൊന്നുമറിയാതെനിക്കിവന്റെ

ഗാത്രങ്ങളിൽത്തൊടുകയാൽ സുഖമിത്രമാത്രം

എത്രയ്ക്കു വേണമിവനെ പ്രതിപത്തിയോടെ

പുത്രത്വമോർത്ത് പുണരുന്നൊരു പുണ്യവാന്ന്’

(ഋതുയോഗം)

-ദുഷ്ഷന്തന്റെ ഏത് മാനസികാവസ്ഥയാണ് ഇവിടെ പ്രകടമാകുന്നത്? വരികൾ വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

12. ‘തന്നിൽ നിന്നടർന്നൊരു

മുത്തിനെ,യാരോകുത്തി

നെഞ്ചകം പിളർന്നൊരു

മുത്തിനെ വീണ്ടും തന്റെ-

യങ്കത്തിലെതിരേൽക്കും

പാഴ്ച്ചിപ്പിയുടെ മൂക-

സങ്കടം പോലേയമ്മ-

യിരിപ്പൂ,.....’

– ഈ വരികളിൽ തെളിയുന്ന കാവ്യഭംഗി വ്യക്തമാക്കുക.

13. ‘‘ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കു മരം കൊണ്ടുള്ള മുള്ളും കയ്ലും കൂടി ആവശ്യമില്ല.’’

-മെത്രാന്റെ ഈ വാക്കുകളിൽ തെളിയുന്ന ജീവിത ദർശനമെന്തെന്ന് കണ്ടെത്തിയെഴുതുക.

14. ‘ഈ നോവൽ പെട്ടെന്നു തീർന്നാൽ അന്ന അപ്പോൾ പോവില്ലേ?’

‘നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?’

(ആത്മാവിന്റെ വെളിപാടുകൾ)

– ‘സംഘർഷങ്ങൾ നിറഞ്ഞ ദസ്തയേവ്സ്കിയുടെ ജീവിതത്തിലേക്ക് ഒരു സങ്കീർത്തനം പോലെ കടന്നു വന്നവളാണ് അന്ന’

– പാഠസന്ദർഭം മുൻനിർത്തി പ്രസ്താവനയോട് പ്രതികരിക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക**

**(ഒരുപുറം)** **(2x6=12)**

15. 'ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തു നിന്നു വരുന്നതുപോലെ മിറലിന് വീട് അപരിചിതമായി തോന്നി.'

'ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.' (ഉരുളക്കിഴങ്ങു തിന്നുന്നവർ)

-തന്നിരിക്കുന്ന സന്ദർഭങ്ങളും കഥയും പരിഗണിച്ച് മിറൽ എന്ന കഥാപാത്രത്തെ കുറിച്ച് നിരൂപണം തയ്യാറാക്കുക.

16. 'ചില യുദ്ധവീരന്മാരുടെ പരാക്രമം വർണിപ്പാൻ വേണ്ടിയല്ല, നേരെമറിച്ച്, മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്നു തീർത്തുപറയാൻ സംശയിക്കേണ്ടതില്ല.'

-കുട്ടികൃഷ്ണമാരാരുടെ ഈ നിരീക്ഷണവും സമകാലിക സാമൂഹിക സന്ദർഭങ്ങളും പരിഗണിച്ച്, 'യുദ്ധം: പ്രകൃതിക്കും മാനവികതയ്ക്കും മേലുള്ള കടന്നുകയറ്റം' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ )തയ്യാറാക്കുക.

17. കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ, സമകാലിക പ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

<u>എത്ര ക്ഷണികമീ ജീവിതമെങ്കിലും</u>......

(ഇയ്യങ്കോട് ശ്രീധരൻ)

ആരോ മധുരമായ് പാടുന്നു, രാവിന്റെ
വാതിൽ തുറക്കുമിപ്പൗർണമിയിൽ!
കാറ്റിൽ കുടമുല്ലപ്പൂവിൻ സുഗന്ധവും
നേർത്തകുളിരും കടന്നു വന്നു.
പാല *പരിമളം തൂകുന്ന വേളയിൽ
നേരിയ നാട്ടുവെളിച്ചമെത്തി.
തോളിൽ ചെറിയൊരു തംബുരുതൂക്കിയ
ഗായകൻ മന്ദം നടന്നുനീങ്ങി
പാടുന്നു...! 'കൂട്ടരെ എത്ര ക്ഷണികമീ
മർത്ത്യന്റെ ജീവിതമീയുലകിൽ'
സൂര്യൻ മലമുടിക്കുള്ളിൽ വിടരുന്ന-
പൂവായ് തെളിഞ്ഞു വരുന്ന നേരം
ഗായകൻ വീണ്ടും നടക്കെ വിളിച്ചു ഞാൻ
ഓതി 'ദുശ് ചിന്തയിൽ *മാഴ്കിടൊല്ലെ!
പാടുക പാടുക പൂക്കൾ കൊഴിഞ്ഞിടാം
പാരിൽ ഇനിയും വസന്തമെത്തും..
എത്ര ക്ഷണികമാണെങ്കിലും ജീവിത-
മർഥപൂർണം സർവ ജീവികൾക്കും!!'

* പരിമളം - സുഗന്ധം

* മാഴ്കുക - മുഴുകുക